പോലീസ് വകുപ്പ്

കേരളം

No. E2(a)-11077/2020/E

ജില്ലാ പോലീസ് ഓഫീസ്,
എറണാകുളം റൂറൽ
spekmrl.pol@kerala.gov.in
04842624455

തീയതി. 11-03-2021

ലേല പരസ്യം

എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ളതും, കളമശ്ശേരി സായുധ സേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതുമായ ഉപയോഗ ശൂന്യമായ 564 ടയർ, 135 ട്യൂബ്സ്, 13 ഫ്ലാപ്സ് എന്നിവ 2021 ാം മാണ്ട് ഏപ്രിൽ മാസം 21-ാം തീയതി രാവിലെ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് 3,554/- രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതും ആയത് കളമശ്ശേരി അസിസ്റ്റൻറ് കമാണ്ടൻറ് കാര്യാലയത്തിലടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ കളമശ്ശേരി അസിസ്റ്റൻറ് കമാണ്ടൻറ് കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിൽ "മോട്ടോർ വാഹനങ്ങളുടെ ഉപയോഗിച്ച ടയർ, ട്യൂബ്, ഫ്ലാപ് എന്നിവയുടെ ലേലത്തിൽ പങ്കെടുക്കാനുള്ള ടെണ്ടർ" എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്.

ലേലം കഴിഞ്ഞാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ടെണ്ടറുകൾ തുറക്കുന്നതും, ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ഉടൻ തന്നെ ലേലത്തുക മുഴുവനായി (നികുതി ഉൾപ്പെടെ) നിരതദ്രവ്യവും കഴിച്ച് ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതും, ലേല/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതുമാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തി ക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, പുനർ ലേലം നടത്തുന്നതുമായിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭമുണ്ടാക്കുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും. ലേല വസ്തുക്കൾ ലേലത്തിന് മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കളമശ്ശേരി സായുധ സേനാ കമാണ്ടൻറിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വക്കുന്നതിനും ലേല/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

കാർത്തിക് കെ ഐ പി എസ്
ജില്ലാ പോലീസ് മേധാവി

E2(a)-11077/2020/E 59ba81

സ്വീകർത്താവ് : 1. സംസ്ഥാന പോലീസ് മേധാവിയുടെ അറിവിലേക്ക്. 2. സംസ്ഥാനത്തെ എല്ലാ എഡിജിപിമാർക്കും അറിവിലേക്ക്. 3. എസ്പി (എം. ടി) പിഎച്ച്ക്യുവിന്റെ അറിവിലേക്ക്. 4. സൂപ്രണ്ട്, ഗവൺമെൻറ് പ്രസ്സ്, ജില്ലാ പബ്ലിക്ഇൻഫൊർമേഷൻ ഓഫീസർ, തിരുവനന്തപുരം/എറണാകുളം (ആമുഖകത്ത് സഹിതം). 5. ഡയറക്ടർ പബ്ലിക്റിലേഷൻസ്, തിരുവനന്തപുരം പത്രമാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിന് (ആമുഖകത്ത് സഹിതം). 6. എല്ലാ ജില്ലാ പോലീസ്മേധാവികൾക്കും, കമ്മീഷണർമാർക്കും, കമാണ്ടൻറുമാർക്കും അറിവിലേക്കും, അനന്തര നടപടികൾക്കുമായി. 7. എറണാകുളം റൂറൽ ജില്ലയിലെ എല്ലാ പോലീസ് ഓഫീസമാർക്കും പ്രചാരണത്തിനായി. 8. എറണാകുളം റൂറൽ അസിസ്റ്റൻറ് കമാണ്ടൻറ്, എം.ടി.ഓ എന്നിവരുടെ അറിവിലേക്കും, അനന്തര നടപടികൾക്കുമായി. 9. ഏ.ആർ കാഷ്യർ, കളമശ്ശേരി ലേല സമയത്ത് ഹാജരായി ജി.എസ്ടി ഉൾപ്പെടെയുള്ള ലേലത്തുക സ്വീകരിക്കേണ്ടതും, ഈ തുക ഡി.പി.ഓ കാഷ്യർ, എറണാകുളം റൂറൽനെ ഏൽപ്പിക്കേണ്ടതും, കാഷ്യർ,ഡി.പി.ഓ, എറണാകുളം റൂറൽ ടി തുകയിൽ നിന്നും ടാക്സ് ഇനത്തിലുള്ള തുക GST Account വഴിയും ലേല തുക "0055 - 00 - 800 - 98 - other items" എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് ചലാന്റെ പകർപ്പ് E2(a) സെക്ഷനിൽ ഏൽപ്പിക്കേണ്ടതാണ്".